LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര സർക്കാർ പല തീരുമാനങ്ങളും അടിച്ചേൽപ്പിക്കുകയാണ്. മീനാകുമാരി റിപ്പോർട്ടിന്റെ കാര്യത്തിൽ അതാണുണ്ടായത്. അതുപോലെ മൺസൂൺകാല ട്രോളിംഗ് നിരോധനത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ സമ്പൂർണ്ണ മത്സ്യനിരോധനമാണ് കേന്ദ്ര ഗവൺമെന്റ് അടിച്ചേൽപ്പിച്ചത്. സംസ്ഥാന ഗവൺമെന്റ് അതിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കുകയുണ്ടായി. ഇക്കാര്യത്തിലും സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന വിധത്തിൽ ഏതെങ്കിലും തീരുമാനം ഉണ്ടായാൽ സംസ്ഥാന ഗവൺമെന്റ് ഭരണഘടനാപരമായ ബാധ്യതകൾ നിലനിർത്തിക്കൊണ്ടുതന്നെ ആ നയത്തെയും തീരുമാനങ്ങളെയും ശക്തമായി എതിർക്കുമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

(28) പുതിയ സ്കൂൾ കെട്ടിടം

ശ്രീ. എ. കെ.ബാലൻ: സർ, എന്റെ മണ്ഡലത്തിലെ കോട്ടായി ഗവൺമെന്റ് ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 2013-14 വർഷത്തെ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽനിന്ന് ഒരുകോടി രൂപ നീക്കി വയ്ക്കുകയും പൊതുമരാമത്ത് വകുപ്പിനെ ചുമതലയേൽപ്പിക്കുകയും ചെയ്തിരുന്നു. 21-5-2013-നാണ് ഈ കത്ത് നൽകിയത്. ഒരു വർഷം കഴിഞ്ഞ് 11-7-2014-ന് ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ചു. പണി ടെണ്ടർ ചെയ്യാൻ വീണ്ടും ഒരു വർഷമെടുത്തു. ഈ വർഷം ഒക്ടോബർ ഒന്നിന് നിർമ്മാണോദ്ഘാടനം നിർവ്വഹിക്കാൻ തീരുമാനിച്ചു. അപ്പോഴാണ് കരാറുകാരൻ പ്രവൃത്തി നിർവ്വഹിക്കുന്നതിൽനിന്ന് പിൻമാറിയതായി അറിയുന്നത്. ടെണ്ടർ നടപടി പൂർത്തിയാക്കിയിട്ടും കരാറുകാരനെക്കൊണ്ട് എഗ്രിമെന്റ് വയ്പ്പിക്കാനോ തുടർനടപടി സ്വീകരിക്കാനോ വകുപ്പിലെ ഉദ്യോഗസ്ഥർ ഒരു നടപടിയും സ്വീകരിച്ചിരുന്നില്ല എന്നാണിത് വ്യക്തമാക്കുന്നത്. ആസ്തി വികസന ഫണ്ട് മുഖേനയുള്ള പ്രവൃത്തികൾ യഥാസമയം നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നത് സംബന്ധിച്ചുള്ള നിരവധി വിമർശനങ്ങൾ ഈ സഭയിൽ വന്നതാണ്. ഭരണാനുമതി ലഭിച്ച് ഒരു വർഷം കഴിഞ്ഞിട്ടും പ്രവൃത്തി തുടങ്ങാതിരിക്കുകയും ഇപ്പോൾ കരാറുകാരൻ പ്രവൃത്തി നിരസിക്കുകയും ചെയ്തതിലൂടെ ഇനി റേറ്റ് റിവിഷനും റീ-ടെണ്ടർ നടപടികളും വേണ്ടിവരും. ഇത് വീണ്ടും കാലതാമസത്തിന് കാരണമാകും. ഇപ്പോൾത്തന്നെ രണ്ട് വർഷം കഴിഞ്ഞിരിക്കുകയാണ്. കുറ്റക്കാരനായ കരാറുകാരനെതിരെ നടപടി സ്വീകരിക്കണം. റീ-ടെണ്ടർ നടപടികൾ എത്രയുംവേഗം പൂർത്തിയാക്കണം. ഇത് ചെമ്പൈ ഗ്രാമത്തിലുള്ളതാണ്. ചെമ്പൈയുടെ വീടിനടുത്തുള്ള സ്കൂളാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ശ്രീ. എ. കെ. ബാലൻ ഇവിടെ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. ഒരു

വർഷമായിട്ടും നടപടികൾ പൂർത്തിയാക്കാൻ സാധിക്കുന്നില്ല. രണ്ട് പ്രാവശ്യം ടെണ്ടർ വിളിച്ചു. ഒരു പ്രാവശ്യം ക്വട്ടേഷൻ വിളിച്ചു. നാലാമത് നെഗോഷിയേറ്റഡ് ക്വട്ടേഷൻ മുഖേനയാണ് ഒരു കരാറുകാരനെ ജോലി ഏൽപ്പിച്ചത്. പക്ഷേ അയാൾ ഉപേക്ഷിച്ചുപോയി. അയാളുടെ പേരിൽ നടപടി എടുക്കുന്ന കാര്യം ആലോചിക്കുന്നതാണ്. ഇപ്പോൾ വീണ്ടും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 31-12-2015 ആണ് ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി. ഉദ്യോഗസ്ഥൻമാർ മുഖേന മത്സരാടിസ്ഥാനത്തിലുള്ള കൂടുതൽ ടെണ്ടറുകൾ ക്വാട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇത്തവണത്തെ ടെണ്ടറിംഗ് ഫലപ്രദമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആവശ്യമായ നടപടികൾ സ്വീകരിക്കാം.

(29) ബൈപ്പാസ് നിർമ്മാണം ത്വരിതപ്പെടുത്തൽ

ഡോ. എൻ. ജയരാജ്: സർ, കാഞ്ഞിരപ്പള്ളി ടൗണിലെ ഗതാഗതക്കുരുക്കിന് പരിഹാരമെന്ന നിലയിലുള്ളതാണ് നിർദ്ദിഷ്ട ബൈപ്പാസ്. അതിന് എസ്.എൽ.ഇ.സി.-യുടെ അപ്രൂവൽ ലഭിച്ചെങ്കിലും എ.എസ്.ന്റെ കാലാവധി കഴിഞ്ഞിരുന്നു. അതുകൊണ്ട് കാലാവധി എക്സ്റ്റന്റ് ചെയ്യുകയും എസ്.എൽ.ഇ.സി.-യുടെ പ്രൊസീഡിംഗ്സ് പുറത്തിറങ്ങിയാലുടൻതന്നെ ഭൂമിയേറ്റെടുക്കാനുള്ള നടപടികൾക്ക് ആവശ്യമായ നിർദ്ദേശം കോട്ടയം ജില്ലാ കളക്ടർക്ക് നൽകുകയും ചെയ്യണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. ഈ വിഷയത്തിൽ ഞാൻ ഇതിനുമുമ്പും പലതവണ സബ്മിഷൻ ഉന്നയിച്ചിരുന്നതാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ഇതിന്റെ ഭരണാനുമതിയുടെ കാലാവധി അവസാനിച്ചു. അത് നീട്ടിക്കിട്ടാനുള്ള ശിപാർശയോ അതല്ലെങ്കിൽ ബഹുമാനപ്പെട്ട എം.എൽ.എ.യുടെ കത്തോ ലഭിച്ചാൽ തീർച്ചയായിട്ടും അതിന്മേലുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കമ്മിറ്റിയുടെ ശിപാർശയിപ്പോൾ എസ്.എൽ.ഇ.സി.യുടെ പരിഗണനയിലാണ്. നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുത്താലുടൻതന്നെ ബൈപ്പാസ് നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(30) ഭാരതപ്പുഴയുടെ തീരത്തുകൂടിയുള്ള കർമ്മ റോഡ് പദ്ധതി

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, പൊന്നാനി നഗരത്തിലെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനാണ് ഭാരതപ്പുഴയുടെ തീരത്തുകൂടി ചമ്രവട്ടം പാലത്തിൽനിന്ന് ഫിഷിംഗ് ഹാർബർ, നിർദ്ദിഷ്ട കാർഗോ പോർട്ട് എന്നിവിടങ്ങളിലേയ്ക്ക് കർമ്മ റോഡ് രൂപകൽപ്പന ചെയ്തത്. ഒന്നാം ഘട്ടത്തിനായി കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് വകയിരുത്തിയ തുകയല്ലാതെ പദ്ധതി പൂർത്തീകരണത്തിന് ബാക്കി തുക ഇതുവരെ വകയിരുത്തിയിട്ടില്ല. നാല് കിലോമീറ്റർ ദൂരം റോഡ് പണിത്

LIBRARY ARCHIVES Kerala Legislative Assembly